No. EX/CGL(1)25000/2020/CGE

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം
തീയതി- 10/03/2021

വിഷയം: എസ്.എസ്.എൽ.സി പരീക്ഷാ കേന്ദ്രമാറ്റത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നിലവിലെ പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷകൾ എഴുതുവാൻ സാധിക്കാത്ത മോഡൽ റസിഡൻഷ്യൽ സ്കൂൾ ഹോസ്റ്റൽ, പ്രീ മെട്രിക് / പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, സ്പോർട്സ് ഹോസ്റ്റൽ, സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഷെൽട്ടർ സംവിധാനം ലഭ്യമാകാത്ത സാഹചര്യത്തിലും ഗൾഫ്, ലക്ഷദ്വീപ്, മറ്റ് അടിയന്തിര ഘട്ടങ്ങളിൽ മറ്റ് ജില്ലകളിൽപെട്ടുപോയിട്ടുള്ളതുമായ വിദ്യാർത്ഥികൾക്കും തുടർന്നുള്ള പരീക്ഷകൾ സൗകര്യപ്രദമായ സ്കൂളുകൾ പരീക്ഷാ കേന്ദ്രങ്ങളായി തിരഞ്ഞെടുക്കുന്നതിനായി രക്ഷകർത്താക്കൾക്ക് ഓൺ ലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജില്ലകൾക്കത്തുള്ള പരീക്ഷാ കേന്ദ്രമാറ്റം അനുവദനീയമല്ല. ഓൺലൈൻ അപേക്ഷകൾ 2021 മാർച്ച് 10 മുതൽ 12 ന് വൈകിട്ട് 4 മണി വരെ സമർപ്പിക്കാവുന്നതാണ്. ലഭിക്കുന്ന അപേക്ഷകളുടെ സാധുത ഉറപ്പാക്കി അർഹരായ വിദ്യാർത്ഥികൾക്ക് പുതിയ പരീക്ഷാ കേന്ദ്രം അനുവദിച്ച് കൊണ്ടുള്ള ലിസ്റ്റ് 2021 മാർച്ച് 15 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. എസ്.എസ്.എൽ.സി/റ്റി.എച്ച്.എസ്.എൽ.സി/എസ്.എസ്.എൽ.സി (HI) പരീക്ഷാ കേന്ദ്രമാറ്റത്തിന് https://sslcexam.kerala.gov.in എന്ന വെബ്സൈറ്റുകളിലെ " Application for Centre Change " എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾ അതേ വിഭാഗത്തിലുള്ള സ്പെഷ്യൽ സ്കൂളുകൾ മാത്രമേ തിരഞ്ഞെടുക്കാവൂ. IHRD THSLC വിദ്യാർത്ഥികളും ജില്ലയിലെ പ്രസ്തുത വിഭാഗം സ്കൂളുകൾ മാത്രമേ പരീക്ഷാകേന്ദ്രമാറ്റത്തിനായി തിരഞ്ഞെടുക്കാവൂ. THSLC (HI), AHSLC വിദ്യാർത്ഥികൾക്ക് പരീക്ഷാ കേന്ദ്രമാറ്റം അനുവദനീയമല്ല.

(ഒപ്പ്)

പരീക്ഷാസെക്രട്ടറി

Help desk:

SSLC : IT Cell - 0471 2546832, 2546833

Email Id : iexamhelpdesk@gmail.com